# അനധികൃതമായി ജോലിക്കു ഹാജരാകാതിരുന്നതിന് പിരിച്ചുവിട്ട തൊഴിലാളിയെ മുൻകാല വേതനം കൂടാതെ തിരിച്ചെടുക്കണം

## ഡൽഹി ഹൈക്കോടതി

W.P. (C) No. 6214/2019 Dt. 29.6.2020

ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

x

മനോദ് ശങ്കർ

1989–ൽ 'സഹായി' എന്ന തസ്തികയിൽ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ച തൊഴിലാളി 2013 വരെ കളങ്കരഹിതമായ സേവനമാണ് നടത്തിയത്. 2014 ആയപ്പോൾ തൊഴിലാളിയുടെ പെരുമാറ്റം തൃപ്തികരമല്ലാത്ത രീതിയിലായി. പലപ്പോഴും തൊഴിലാളി മേലുദ്യോഗസ്ഥരെ അനുസരിക്കുന്നതിനും ബഹുമാനിക്കുന്നതിനും വിമുഖത കാണിക്കുകയും അവരോട് അപമര്യാദയോടെ സംസാരിക്കുകയും ചെയ്തു. ഇത്തരം പെരുമാറ്റം ആവർത്തിക്കപ്പെട്ടപ്പോൾ തൊഴിലാളിക്കെതിരെ അച്ചടക്ക നടപടികൾ ആരംഭിച്ചെങ്കിലും അയാളെ മേനേജ്മെന്റ് യാതൊരു തരത്തിലും ശിക്ഷക്ക് വിധേയമാക്കിയില്ല. എങ്കിലും അയാൾ തൃപ്തികരമല്ലാത്ത പെരുമാറ്റം തുടരുകയാണ് ചെയ്തത്. അപ്രകാരമിരിക്കെ മേനേജ്മെന്റ് അയാളെ സ്ഥാപനത്തിന്റെ മറ്റൊരു ശാഖയിലേക്ക് സ്ഥലം മാറ്റി. എന്നാൽ പുതിയ സ്ഥലത്ത് അയാൾ ചുമതലയേറ്റില്ല. ജോലിക്ക് ഹാജരാകാതിരുന്നതിന് കാരണം ബോധിപ്പിക്കാനോ അവധി അപേക്ഷ നല്കാനോ അയാൾ തയ്യാറായില്ല. തുടർന്ന് മേനേജ്മെന്റ് അയാൾക്ക് കാരണം-കാണിക്കൽ നോട്ടീസ് നല്കി. മറുപടി തൃപ്തികരമല്ലാത്തതിനാൽ അയാൾക്ക് കുറ്റപത്രം നല്കുകയും അയാൾക്കെതിരെ ഗാർഹികാന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തു. അനധികൃതമായി ജോലിക്ക് ഹാജരായില്ല, മേലുദ്യോഗസ്ഥരോട് അനുസരണ കാണിച്ചില്ല, മുൻകാല അന്വേഷണ ഉദ്യോഗസ്ഥനെ ഭീഷണിപ്പെടുത്തി, മുതലായ നിരവധി പെരുമാറ്റദൂഷ്യങ്ങളാണ് തൊഴിലാളിക്കെതിരെ ആരോപിക്കപ്പെട്ടത്. ഗാർഹികാന്വേഷണവുമായി അയാൾ ഒട്ടും സഹകരിച്ചില്ലെന്നു മാത്രമല്ല എല്ലാവരോടും ധാർഷ്ട്യത്തോടെ പെരുമാറുകയും ചെയ്തു. തൊഴിലാളിക്കെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിഞ്ഞിട്ടുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് ചെയ്തു. അതിന്റെ വെളിച്ചത്തിൽ മേനേജ്മെന്റ് അയാളെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. ഇതിനെതിരെ അയാൾ ലേബർ കോടതിയിൽ പരാതി നല്കി. ഗാർഹികാന്വേഷണം നടത്തിയത് കുറ്റമറ്റ രീതിയിലാണെന്നും പെരുമാറ്റദൂഷ്യം തെളിഞ്ഞിട്ടുണ്ടെന്നും വിലയിരുത്തിയ ലേബർ കോടതി ശിക്ഷ അമിതമായിപ്പോയിയെന്ന് നിരീക്ഷിച്ച് തൊഴിലാളിയെ മുൻകാല വേതനം കൂടാതെ തിരിച്ചെടുക്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ മേനേജ്മെന്റും തൊഴിലാളിയും ഹൈക്കോടതിയിൽ റിട്ട് ഹർജികൾ സമർപ്പിച്ചു. തൊഴിലാളിയെ തിരിച്ചെടുക്കണമെന്ന ഉത്തരവ് റദ്ദാക്കണമെന്ന് മേനേജ്മെന്റും മുൻകാല വേതനം അനുവദിക്കണമെന്ന് തൊഴിലാളിയും ആവശ്യപ്പെട്ടു. തൊഴിലാളി നീണ്ട 24 വർഷം കളങ്കരഹിതമായി സ്ഥാപനത്തിൽ സേവനം ചെയ്തുവെന്ന വസ്തുത കണക്കിലെടുത്ത് തൊഴിലാളിയെ പിരിച്ചുവിട്ടത് റദ്ദാക്കിയതിൽ തെറ്റില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. എന്നാൽ 2014, 2015 വർഷങ്ങളിൽ തൊഴിലാളിയുടെ ഭാഗത്തുനിന്നുണ്ടായ ക്രമരഹിതമായ പെരുമാറ്റം അതീവ ഗുരുതരമാണെന്നും മുൻകാല വേതനം നിഷേധിച്ചതിൽ തെറ്റില്ലെന്നും ഹൈക്കോടതി വിലയിരുത്തി. ലേബർ കോടതിയുടെ ഉത്തരവ് ശരിവച്ച ഹൈക്കോടതി ഇരു കൂട്ടരുടെയും റിട്ട് ഹർജികൾ തള്ളിക്കളഞ്ഞു.